**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വികാസ് ഭവൻ, തിരുവനന്തപുരം**

**കെ.എസ്.എ.4(എ)/എസ്റ്റാ.1/2019** **തീയതി.15.07.2019**

## സർക്കുലർ നം. 05/2019

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - നിശ്ചിത യോഗ്യതകളുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് ഓഡിറ്റർ തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം - അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന : 25.03.2010 ലെ ജി.ഒ (പി) നം.197/10/ഫിൻ ഉത്തരവ്

സൂചന ഉത്തരവ് പ്രകാരമുള്ള കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് അനുസരിച്ച് ഓഡിറ്റർ തസ്തികയിൽ നിയമനം ലഭിയ്ക്കുന്നതിനുള്ള യോഗ്യതകളും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കുകയും ചെയ്തിട്ടുള്ള ഒന്നാം ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് ഓഡിറ്റർ തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം ലഭിയ്ക്കാൻ അർഹതയുണ്ട്. ഈ സാഹചര്യത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് ഓഡിറ്റർ തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനുവേണ്ടി 2019 ൽ നീക്കിവെയ്ക്കപ്പെട്ടിട്ടുള്ള രണ്ട് ഒഴിവുകളിലേയ്ക്ക് നിയമനം ലഭിയ്ക്കാൻ മേൽ യോഗ്യതകളുള്ള ഒന്നാം ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയിൽ പറയുന്ന യോഗ്യതകൾ, സേവനകാലയളവ് എന്നിവ ഓഫീസ് മേധാവികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇതോടൊപ്പമുള്ള നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷകൾ 27.07.2019 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**(ഒപ്പ്)**
**ഡയറക്ടർ**

**അംഗീകാരത്തോടെ**

**ഓഡിറ്റ് ഓഫീസർ**

☎ 0471 -2303640 ✉ *cru.ksad@kerala.gov.in*

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഒന്നാം ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് / ഒന്നാം ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരിൽ നിന്നും ഓഡിറ്റർ തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം ലഭിയ്ക്കുന്നതിനുള്ള അപേക്ഷ**

| | |
|---|---|
| പേര് | |
| തസ്തിക | |
| നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | |
| ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി | |
| ഈ വകുപ്പിൽ പൂർത്തിയാക്കിയ സേവനകാലയളവ് | |
| ഓഡിറ്റ് വകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് അല്ലാത്ത തസ്തികയിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ | |
| വിദ്യാഭ്യാസ യോഗ്യതകൾ (യോഗ്യത തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യുക) | 1.<br>2.<br>3.<br>4.<br>5. |

തീയതി : അപേക്ഷകന്റെ പേരും ഒപ്പും

മുകളിൽ നൽകിയിട്ടുള്ള വിവരങ്ങൾ സേവനപുസ്തകവുമായി പരിശോധിച്ച് ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

തീയതി : കാര്യാലയ മേധാവി